# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287** — **01-09-2022 - ൽ മറുപടിയ്ക്ക്**

## ചെറുകിട നഗരങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട നഗരങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നത്. നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനും കൈമാറുന്നതിനും വേണ്ടി എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ് സെന്ററുകളുടെ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം..സി.എഫുകളിലും, ആർ.ആർ.എഫുകളിലും എത്തിക്കുന്നതിനായി ഹരിതകർമ്മസേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനവും നടന്നു വരുന്നുണ്ട്. സംസ്ഥാനത്തെ നഗരസഭകളിലെ ഖരമാലിന്യ സംസ്കരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ച് ഭാരത് മിഷൻ (നഗരം) ഒന്നാം ഘട്ടത്തിൽ നിന്ന് ഖരമാലിന്യ സംസ്കരണത്തിന് ഡി.പി.ആറുകൾ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ആയതു പ്രകാരം |

| | | | |
|---|---|---|---|
| | | | നഗരസഭകളിൽ വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (നഗരം) രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിനും ദ്രവമാലിന്യ സംസ്കരണത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |
| (ബി) | ആയതിനായി ചെറുകിട സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ ചെറുകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ (ബയോമെതനേഷൻ / കംപോസ്റ്റിംഗ്) നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വച്ഛ് ഭരത് മിഷൻ (നഗരം) 2.0 യുടെ ഭാഗമായി നഗര സഭകൾ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ച് വരുന്നു. കൂടാതെ പുതുതായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ ചെറുകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ (ബയോമെതനേഷൻ / കംപോസ്റ്റിംഗ്) നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വച്ഛ് ഭരത് മിഷൻ (നഗരം) 2.0 യുടെ ഭാഗമായി നഗര സഭകൾ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ച് വരുന്നു. കൂടാതെ പുതുതായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ